# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1544** **03.12.2018-ൽ മറുപടിയ്ക്ക്**

**<u>അതിരപ്പിള്ളിയിൽ മീൻപിടിച്ച് ഉപജീവനം നടത്തുന്ന പട്ടികവർഗ്ഗക്കാർ</u>**

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) പുഴയിൽ നിന്ന് മീൻപിടിച്ച് ഉപജീവനം നടത്തുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>ബി) അവർക്ക് ക്ഷേമനിധി ആനുകൂല്യങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും ഇൻഷ്വറൻസ് പരിരക്ഷയും ലഭ്യമാക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | എ) യും ബി) യും<br>പുഴയിൽ നിന്ന് മീൻപിടിച്ച് ഉപജീവനം നടത്തുന്ന അതിരപ്പള്ളി പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാരെ 1980 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്ട് പ്രകാരം 2018-19 ൽ പ്രസിദ്ധീകരിക്കുന്ന മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അതിരപ്പള്ളി പഞ്ചായത്തിലെ പട്ടിക വർഗ്ഗക്കാർ ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതി ഉൾപ്പെടെയുള്ള എല്ലാ പദ്ധതി ആനുകൂല്യങ്ങൾക്കും അർഹരാണ്. മത്സ്യബന്ധന ഉപകരണങ്ങൾ നേരിട്ട് വകുപ്പ് മുഖേന നൽകുന്നില്ല. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**